**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3193** **01-03-2023 - ൽ മറുപടിയ്ക്ക്**

**മാതൃഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രീപ്രൈമറി മുതൽ ഹയർസെക്കണ്ടറി തലം വരെ മാതൃഭാഷാ പഠനത്തിന് മലയാള ഭാഷാ നിയമം നടപ്പിലാക്കിക്കൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | (എ) പ്രീപ്രൈമറി മുതൽ 10-ാം തരം വരെ പൊതുവിദ്യാലയങ്ങളിൽ മലയാളഭാഷയിലാണ് അധ്യയനം നടത്തുന്നത്. ഹയർ സെക്കന്ററിയിൽ മലയാളം രണ്ടാം ഭാഷയായി പഠിപ്പിക്കുന്നു.<br><br>**മലയാളത്തിളക്കം -** മാതൃഭാഷയിൽ പഠനപ്രയാസമുള്ള കുട്ടികൾക്ക് ആത്മവിശ്വാസം പകർന്നു നൽകിക്കൊണ്ട് അവരെ സ്വാഭാവികമായി വിദ്യാഭ്യാസ പ്രക്രിയയിലേക്ക് ഉൾച്ചേർക്കുന്നതിനായി നടപ്പിലാക്കിയ പരിപാടിയാണ് മലയാളത്തിളക്കം. രണ്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കായാണ് ഈ പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. എല്ലാ കുട്ടികൾക്കും അടിസ്ഥാന ഭാഷാശേഷി ഉറപ്പുവരുത്തുന്നതിനും വായനസാമഗ്രികൾ ആശയഗ്രഹണത്തോടെ വായിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നതിനും സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനും ലക്ഷ്യം വെച്ച് നടപ്പിലാക്കിയ പരിപാടിയാണ് മലയാളത്തിളക്കം.<br><br>**വായനച്ചങ്ങാത്തം -** ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ കുട്ടികളെ മാതൃഭാഷയിൽ എഴുത്തിലേക്കും വായനയിലേക്കും ആകർഷിക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന പരിപാടിയാണ് വായനച്ചങ്ങാത്തം. ഈ പരിപാടിയുടെ ഭാഗമായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. രക്ഷാകർതൃ പരിശീലനവും സംഘടിപ്പിച്ചു. വായനശാലകളും ലൈബ്രറി കൗൺസിലുമായും സഹകരിച്ചാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | **കുഞ്ഞുവായന -** ഒന്ന്, രണ്ട് ക്ലാസുകളിൽ ആകർഷകമായ വായനസാമഗ്രികളുടെ അച്ചടിച്ച പുസ്തക ശേഖരണമുണ്ടാക്കുകയും അതിന്റെ ഫലമായി ക്ലാസ് ലൈബ്രറികളിൽ കുട്ടികളുടെ വായനക്കിണങ്ങിയ പുസ്തകങ്ങളും വായനാക്കാർഡുകളും സജ്ജീകരിച്ച് നടപ്പിലാക്കിയ പരിപാടിയാണ് കുഞ്ഞുവായന. ഇതിന്റെ ഭാഗമായി ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളുടെ പ്രായത്തിനിണങ്ങിയ വ്യത്യസ്ത തലത്തിലുള്ള പ്രത്യേക വായനക്കാർഡുകൾ വിദഗ്ധരെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ച് നിർമ്മിച്ച് അച്ചടിച്ച് സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.<br><br>**മധുരം മലയാളം -** ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾ അക്കാദമിക വർഷാന്ത്യം ആർജിക്കേണ്ട ഭാഷാ ശേഷി നേടി എന്ന് ഉറപ്പാക്കുന്നതിനും പിന്തുണ നൽകുന്നതിനുമായുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി. |
| (ബി) | മാതൃഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനും അത്തരം പ്രവർത്തനം കൃത്യമായും കാര്യക്ഷമവുമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | (ബി).മാതൃഭാഷാ പഠനം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധവെക്കുന്നു. മാതൃഭാഷയിൽ പിന്നാക്കം പോകുന്ന കുട്ടികൾക്ക് പരിഹാര ബോധനം നടത്തി വരുന്നുണ്ട്. (ഉദാ. മലയാളത്തിളക്കം)കുട്ടികളുടെ മാതൃഭാഷാ ശേഷി വികാസം ലക്ഷ്യമാക്കി കുഞ്ഞുവായന, വായനാചങ്ങാത്തം, ക്ലാസ് ലൈബ്രറികൾ എന്നിവ സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ നടത്തിവരുന്നു. |
| (സി) | മാതൃഭാഷാ പഠനത്തോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് മധുരം മലയാളം, ഹലോ ഇംഗ്ലീഷ്, ഇക്യൂബ്ഡ് പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് നടപ്പുവർഷം നൽകിയിട്ടുള്ള നിർദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | (സി). **ഹലോ ഇംഗ്ലീഷ് -** ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ പറയാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്നതിനായി എൽ.പി, യു.പി ക്ലാസുകളിൽ നടപ്പിലാക്കിയ പദ്ധതി. ജേർണലുകൾ പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് നൽകി. അധ്യാപകർക്ക് പരിശീലനവും നൽകി.<br><br>**ഹലോവേൾഡ് -** 2020-21 വർഷം കോവിഡ് - 19 മൂലം വിദ്യാലയങ്ങൾ അടഞ്ഞുകിടന്നപ്പോൾ ഇംഗ്ലീഷ് ഭാഷാപഠനത്തിനായി എൽ.പി, യു പി ക്ലാസുകളിലെ കുട്ടികൾക്കു നൽകിയ ഡിജിറ്റൽ ഇന്ററാക്ടീവ് പഠന പാക്കേജാണ് ഹലോവേൾഡ്.<br><br>**ഹലോ ഇംഗ്ലീഷ് -** കിഡ്സ് സീരീസ് - കുട്ടികളുടെ ഇംഗ്ലീഷ് വായനാശേഷി വർദ്ധിപ്പിക്കുന്നതിനായി സമഗ്രശിക്ഷാ കേരളം തയ്യാറാക്കിയിട്ടുള്ള കഥാ പുസ്തകങ്ങൾ വിദ്യാലയങ്ങളിൽ ഉടൻ ലഭ്യമാക്കും<br><br>**ഇ-ക്യൂബ് -** നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സ്കൂൾ വിദ്യാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനും പഠനം കൂടുതൽ രസകരമാക്കുന്നതിനുമായി ഇ-ക്യൂബ് ഇംഗ്ലീഷ് E3-English (Enjoy, Enhance and Enrich English) എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയാണ് ഇ-ക്യൂബ്. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിതമായ ഇ-ലാംഗ്വേജ് ലാബ് സോഫ്റ്റ് വെയർ വികസിപ്പിച്ച് എല്ലാ സ്കൂളുകൾക്കും നിലവിലുള്ള കമ്പ്യൂട്ടറുകളിൽതന്നെ പ്രവർത്തിപ്പിക്കുന്ന തരത്തിൽ സൗജന്യമായി ലഭ്യമാക്കുകയും പ്രസ്തുത സോഫ്റ്റ് വെയർ ക്ലാസ് മുറികളിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് എല്ലാ പ്രൈമറി വിഭാഗം അധ്യാപകർക്കും പ്രത്യേക പരിശീലനങ്ങൾ നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ